# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5 09.03.2015-ലെ മറുപടിക്ക്

## <u>ശമ്പള പരിഷ്കരണ കമ്മീഷൻ</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. എ.എം. ആരിഫ്

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പള പരിഷ്കരണ കമ്മീഷനെ എന്നാണ് നിയമിച്ചത്; പ്രസ്തുത കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയത് എന്നാണ് എന്നീ വിവരങ്ങൾ അറിയിക്കാമോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ, **20.02.2010 ലെ സ.ഉ. (കൈ) നം.** 81/2010/ധന പ്രകാരം സർക്കാർ നിയമിക്കുകയുണ്ടായി. കമ്മീഷൻ സർക്കാരിന് **31.12.2010** ൽ റിപ്പോർട്ട് സമർപ്പിച്ചു. |
| (ബി) | 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് എത്ര മാസമായി ; പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് ; 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് എന്ന് അനുഭവവേദ്യമാകും എന്നീ വിവരങ്ങൾ വ്യക്തമാക്കാമോ ? | 10-ാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ട് 28.02.2015 - ൽ 15 മാസം പൂർത്തിയായിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് ലഭ്യമായതിനുശേഷം സർക്കാർ ശമ്പളപരിഷ്കരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ